(ഡി) സംസ്ഥാനത്തിനകത്തുനിന്നും ലഭ്യമാക്കുന്നതിനോടൊപ്പം അന്യസംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതിയും ചെയ്യുന്നു.

(ഇ) പാലക്കാട് ജില്ലയിൽ വ്യവസായ ആവശ്യത്തിനു ചാരായം നിർമ്മിക്കുന്നതിനുള്ള ഒരു ഡിസ്റ്റിലറിക്കും, ഒരു ബിയർ ഉൽപ്പാദന യൂണിറ്റിനും ലറ്റർ ഓഫ് ഇൻഡന്റ് നൽകിയിട്ടുണ്ട്.

(എഫ്) അനുബന്ധം (എ)† ആയി ചേർത്തിരിക്കുന്നു.

49 (362) എക്സൈസ് പ്രിവന്റീവ് ഓഫീസർ റാങ്ക്‌ലിസ്റ്റ്

<u>ശ്രീ. എം.വി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ പ്രിവന്റീവ് ഓഫീസർ തസ്തികയിലേക്ക് പി.എസ്.സി. തയ്യാറാക്കിയിട്ടുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റിന്റെ കാലാവധി എപ്പോൾ അവസാനിക്കും എന്ന് വ്യക്തമാക്കുമോ;

(ബി) പ്രിവന്റീവ് ഓഫീസർ നിയമനത്തിന് നിലവിലുള്ള സ്പെഷ്യൽ റൂൾ വ്യവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുണ്ടായിരുന്ന റാങ്ക് ലിസ്റ്റ് വരുന്നതിനു മുമ്പ് എപ്പോഴാണ് അവസാനമായി പ്രിവന്റീവ് ഓഫീസർമാരുടെ നേരിട്ടുള്ള നിയമനം നടന്നിരുന്നത്;

(ഡി) കഴിഞ്ഞ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ചതിനുശേഷം നിലവിലുള്ള റാങ്ക്‌ലിസ്റ്റ് വന്നതുവരെയുള്ള കാലയളവിൽ പ്രിവന്റീവ് ഓഫീസർമാരുടെ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്; അവ എങ്ങനെയാണ് നികത്തിയതെന്ന് വിശദീകരിക്കുമോ;

(ഇ) പ്രിവന്റീവ് ഓഫീസർമാരായി നിയമിക്കുന്നതിനുള്ള ഗസറ്റ് വിജ്ഞാപനം വന്ന 18.12.1989 നു ശേഷം 31.12.1999 വരെ പ്രമോഷൻ മുഖേനയും റിട്ടയർമെന്റ് മുഖേനയും പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(എഫ്) ഇതേ കാലയളവിൽ എക്സൈസ് വകുപ്പിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിരുന്നു എന്നു വിശദമാക്കുമോ;

(ജി) പ്രസ്തുത ഒഴിവുകൾ ഉൾപ്പെടെ നേരിട്ടുള്ള നിയമനം നടത്തുന്നതിന് സ്പെഷ്യൽ റൂൾ പ്രകാരം എത്ര തസ്തികകൾ റിസർവ് ചെയ്യാനുണ്ടെന്ന് വ്യക്തമാക്കുമോ;

(എച്ച്) അവയിൽ എത്രയെണ്ണം പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഐ) ഇനി എത്രയെണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്നും അവ റിപ്പോർട്ട് ചെയ്യാത്തതിനുള്ള കാരണം എന്താണെന്നും വിശദീകരിക്കുമോ?

---

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കാലാവധി 31.12.2000 ൽ അവസാനിക്കും.

(ബി) (1) നേരിട്ടുള്ള നിയമനം അല്ലെങ്കിൽ (2) എക്സൈസ് ഗാർഡുമാരിൽ നിന്നും ഉദ്യോഗക്കയറ്റം വഴിയുള്ള നിയമനം ആകെ ഉണ്ടാകുന്ന ഒഴിവുകളിൽ ഓരോ നാലാമത്തെ ഒഴിവിലേക്കും നേരിട്ടുള്ള നിയമനം നടത്തുകയോ, അഥവാ നേരിട്ടുള്ള നിയമനത്തിനായി സംവരണം ചെയ്യുകയോ വേണം. ബാക്കിയുള്ള ഒഴിവുകളിൽ എസ്.എസ്.എൽ.സി. ജയിച്ചവരും അല്ലാത്തവരുമായ എക്സൈസ് ഗാർഡുമാരെ 1:1 എന്ന അനുപാതത്തിൽ ഉദ്യോഗക്കയറ്റം നൽകി നിയമിക്കേണ്ടതാണ്.

(സി) 17.5.1982 ൽ

(ഡി) 1123 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ഇവ പ്രൊമോഷൻ, നേരിട്ടുള്ള നിയമനം, സമാശ്വാസപദ്ധതിപ്രകാരമുള്ള നിയമനം, സ്പെഷ്യൽ റിക്രൂട്ട്മെന്റ് എന്നിവ മുഖാന്തിരം നികത്തിയിട്ടുണ്ട്.

(ഇ) 1049 ഒഴിവുകൾ

(എഫ്) 124 തസ്തികകൾ

(ജി) 29.12.1999 വരെ 305 തസ്തികകൾ

(എച്ച്) 304 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തു.

(ഐ) ഒരു ഒഴിവ് റിപ്പോർട്ട് ചെയ്യുവാനുണ്ട്. 17.12.1999ലെ 18535/എഡിവിസി 3/99 പി.ആന്റ് എ.ആർ.ഡി. സർക്കുലർ പ്രകാരം നിയമനം നിർത്തിവെച്ചിരുന്നതു കൊണ്ടാണ് റിപ്പോർട്ട് ചെയ്യാതിരുന്നത്.

50 (363) വ്യാജവാറ്റ് തടയുന്നതിന് നടപടി

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജവാറ്റും, വ്യജമദ്യവും, സ്പിരിറ്റ് കള്ളക്കടത്തും വർദ്ധിച്ചുവരുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സ്പിരിറ്റ് കള്ളക്കടത്ത് തടയുന്നതിനായി എന്തെങ്കിലും പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) വ്യാജവാറ്റും വ്യാജമദ്യവും സ്പിരിറ്റ് കള്ളക്കടത്തും തടയുന്നതിനായി ശക്തമായ റെയിഡുകൾ പോലീസും എക്സൈസും നടത്തുന്നു. സ്പിരിറ്റ് കള്ളക്കടത്ത് തടയുന്നതിനായി വാഹനപരിശോധന ഊർജ്ജിതമാക്കുകയും രാത്രികാല പട്രോളിഗ് ശക്തിപ്പെടുത്തുകയും ചെക്ക്പോസ്റ്റുകളിൽ വാഹനപരിശോധന ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly